# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1231** **11.06.2019 ൽ മറുപടിക്ക്**

**തമ്പാനൂർ പി.എച്ച്.സി. കെട്ടിട നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.വി.എസ്.ശിവകുമാർ** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലക്കെട്ടിടം നിർമ്മിച്ചുനൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ട നിർമ്മാണത്തിനായി 30.12.2017 ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നെങ്കിലും പൊതുമരാമത്ത് (കെട്ടിടവിഭാഗം) യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ; | (എ) | തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനില കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും G.O (Rt) 3687/2017/H&FWD തീയതി 30/12/2017 പ്രകാരം 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുൻഭാഗത്ത് നിലവിലുള്ള കെട്ടിടത്തെ ബാധിക്കാത്ത തരത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലം തിരുവനന്തപുരം കോർപ്പറേഷന്റെ അധീനതയിലാണ് ഇപ്പോൾ ഉള്ളത്. ടി സ്ഥലം പൊതുമരാമത്ത് വകുപ്പിന് ഇതുവരെയും കൈമാറി കിട്ടിയിട്ടില്ല. കൈമാറി കിട്ടുന്നതിനു വേണ്ടി തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 31/05/2019 ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഇത് സംബന്ധിച്ച് നിരന്തരം കത്തുകൾ നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ല എന്നത് കണക്കിലെടുത്ത് തുക പാഴായിപ്പോകാതെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ? | (ബി) | തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് പാഴായി പോകാതെ നിർമ്മാണം ആരംഭിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**